പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3045** **20. 06. 2014-** ലെ മറുപടി

<u>സാന്ത്വന പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. കെ. മുരളീധരൻ</u><br><u>ശ്രീ. റ്റി . എൻ പ്രതാപൻ</u><br><u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u><br><u>ശ്രീ. ഷാഫി പറമ്പിൽ</u> | <u>ശ്രീ. കെ. സി. ജോസഫ്</u> .<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസി വകുപ്പ് നടപ്പാക്കുന്ന സാന്ത്വന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ; | (എ) കുറഞ്ഞത് 2 വർഷമെങ്കിലും തൊഴിൽപരമായ ആവശ്യത്തിനായി വിദേശത്ത് താമസിച്ച ശേഷം കേരളത്തിലേയ്ക്ക് സ്ഥിരമായി മടങ്ങിയെത്തിയതോ അല്ലെങ്കിൽ കേരളത്തിനു പുറത്ത് ഭാരതത്തിനകത്ത് കുറഞ്ഞത് 2 വർഷമെങ്കിലുമായി താമസിച്ചു വരുന്നതോ ആയ മലയാളികൾക്ക് സ്ഥിരമായ വരുമാന മാർഗ്ഗമില്ലാതിരിക്കുകയും മറ്റൊരു മാർഗ്ഗത്തിൽ നിന്നും ധനസഹായം ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നിബന്ധനകൾക്ക് വിധേയമായി ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് നോർക്ക വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസ പദ്ധതിയായ സാന്ത്വന. |
| (ബി) എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി മുഖേന പ്രവാസികൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) മരണാനന്തര സഹായം(Death compensation), ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, കൃത്രിമാവയവങ്ങൾ, വീൽച്ചെയർ, ക്രച്ചസ് മുതലായവ വാങ്ങാനുള്ള സഹായം എന്നിങ്ങനെ നാലു വിഭാഗങ്ങളിലായാണ് സാന്ത്വന പദ്ധതി മുഖേനെ ധനസഹായം അനുവദിക്കുന്നത്. പ്രവാസി മരിച്ചാൽ പ്രവാസിയുടെ ആശ്രിതന് മരണാനന്തര സഹായമായി പരമാവധി ഒരു ലക്ഷം രൂപവരെയും ചികിത്സാ സഹായമായി ഗുരുതര രോഗങ്ങൾക്ക് പരമാവധി അൻപതിനായിരം രൂപവരെയും ഇതര രോഗങ്ങൾക്ക് പരമാവധി ഇരുപതിനായിരം രൂപ വരെയും പ്രവാസിയുടെ ആശ്രിതയായ മകളുടെ വിവാഹത്തിനായി പരമാവധി പതിനയ്യായിരം രൂപ വരെയും കൃത്രിമാവയവങ്ങൾ, വീൽച്ചെയർ, ക്രച്ചസ് മുതലായവ വാങ്ങുന്നതിന് പരമാവധി പതിനായിരം രൂപ വരെയും നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചു വരുന്നു. ധനസഹായം ലഭിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി 1,00,000 രൂപയാണ്. |

(സി) ഈ സർക്കാരിന്റെ കാലത്ത് ധസഹായങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് രണ്ടുതവണ ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ട്. ആദ്യതവണ മരണാനന്തര ചടങ്ങുകൾക്ക് അനുവദിച്ചിരുന്ന സഹായം പതിനായിരം രൂപ ഇരുപതിനായിരം രൂപയായും വിവാഹ ധനസഹായമായി അനുവദിച്ചിരുന്ന ഏഴായിരത്തി അഞ്ഞൂറു രൂപ പതിനയ്യായിരം രൂപയായും ചികിത്സാ ധനസഹായമായി അനുവദിച്ചിരുന്ന പതിനായിരം രൂപ ഇരുപതിനായിരം രൂപയായും കൃത്രിമാവയവങ്ങൾ, വീൽച്ചെയർ, ക്രച്ചസ് എന്നിവ വാങ്ങാൻ അനുവദിച്ചിരുന്ന അയ്യായിരം രൂപ പതിനായിരം രൂപയായും വർദ്ധിപ്പിച്ചിരുന്നു. രണ്ടാം തവണ മരണാനന്തര ചടങ്ങുകൾക്കായി അനുവദിച്ചിരുന്ന പതിനായിരം രൂപ മരണാനന്തര ചടങ്ങുകൾ എന്നത് മരണാനന്തര സഹായം എന്നു പുനർനാമകരണം ചെയ്ത് ഒരു ലക്ഷം രൂപയായും ചികിത്സാ സഹായം ഗുരുതര രോഗങ്ങൾക്ക് അൻപതിനായിരം രൂപയായും ഇതര രോഗങ്ങൾക്ക് ഇരുപതിനായിരം രൂപയായും വർദ്ധിപ്പിച്ചു.

(ഡി) എന്ന് മുതലാണ് വർദ്ധിപ്പിച്ച ധസഹായങ്ങൾക്ക് പ്രാബല്യമുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഡി) 2013 ജൂൺ മാസം ഒന്നാം തീയതിയിലെ ജി.ഒ.(എം.എസ്.) നം. 4/2013/നോർക്ക എന്ന സർക്കാർ ഉത്തരവ് പ്രകാരമാണ് ഇപ്പോഴുള്ള വർദ്ധിപ്പിച്ച ധനസഹായങ്ങൾ പ്രാബല്യത്തിൽ വന്നത്.

സെക്ഷൻ ഓഫീസർ